**"ഭരണഭാഷ – മാതൃഭാഷ"**

നമ്പർ.DFB/807/2026-C1

"സുരക്ഷാഭവൻ"

ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

കുമാരപുരം, തിരുവനന്തപുരം-11

ഫോൺ : 0471-2441597

ഇ-മെയിൽ : directorate.fab@kerala.gov.in

തീയതി : 29-04-2026

## സർക്കുലർ നം. 09/2026

വിഷയം:- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് – K-SAFE & FAB-GIS ജി.ഐ.എസ് അധിഷ്ഠിത വെബ് ആപ്പ്, മൊബൈൽ ആപ്പ് 2026 മെയ് 1 മുതൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് – മാർഗ്ഗ നിർദേശങ്ങൾ

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ ഉദ്യോഗസ്ഥർക്കായി FAB-GIS പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച ജി.ഐ.എസ് അധിഷ്ഠിത വെബ് ആപ്പും മൊബൈൽ ആപ്പും 2026 മെയ് 1 മുതൽ നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. FAB-GIS വെബ് ആപ്ലിക്കേഷനും മൊബൈൽ ആപ്ലിക്കേഷനും www.gisfab.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.
2. FAB-GIS മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആദ്യം വെബ് ആപ്ലിക്കേഷനിൽ മൊബൈൽ ഫോണിലൂടെ ലോഗിൻ ചെയ്ത ശേഷം മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യേണ്ടതാണ്. മൊബൈൽ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുന്ന സമയത്ത് ആവശ്യമായ എല്ലാ പെർമിഷനുകളും (Location, Camera, Storage, Notifications എന്നിവ) അനുവദിക്കേണ്ടതാണ്.
3. FAB-GIS വെബ് ആപ്ലിക്കേഷനിലും മൊബൈൽ ആപ്ലിക്കേഷനിലും K-CIS ൽ നിലവിൽ ഉപയോഗിക്കുന്ന യൂസർ ഐ.ഡിയും പാസ്‌വേഡും ഉപയോഗിച്ചുതന്നെ ലോഗിൻ ചെയ്യേണ്ടതാണ്. ഇതിന് പ്രത്യേകം രജിസ്ട്രേഷൻ ആവശ്യമില്ല.
4. 2026 മെയ് 1 മുതൽ K-CIS മുഖേന നടത്തുന്ന എല്ലാ ഫാക്ടറി പരിശോധനകളും നിർബന്ധമായും FAB-GIS മൊബൈൽ

ആപ്ലിക്കേഷൻ ഉപയോഗിച്ച് ഫാക്ടറി ലൊക്കേഷൻ ജിയോ-ടാഗ് ചെയ്ത് പഞ്ചിംഗ് നടത്തിയതിന് ശേഷമേ **K-CIS** ൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് തയ്യാറാക്കാവൂ.

5. ഫാക്ടറി പരിശോധനാ സമയത്ത് ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് / അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടർമാർ ഫാക്ടറികളിലെ **PPE, Hazardous & Toxic** കെമിക്കൽസ്, **Flammable substances** ,മെഡിക്കൽ, ഹെൽത്ത് & വെൽഫെയർ സൗകര്യങ്ങൾ, ഫയർ ഫൈറ്റിംഗ് സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ **FAB-GIS** മൊബൈൽ ആപ്ലിക്കേഷൻ വഴി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
6. ഫാക്ടറി ഉടമകൾക്കായി **K-SAFE** മൊബൈൽ ആപ്ലിക്കേഷൻ വഴി എമർജൻസി റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ലഭ്യമാണ്. ഈ രീതിയിൽ റിപ്പോർട്ട് ചെയ്യുന്ന എമർജൻസികൾ വകുപ്പ് പരിശോധിച്ച് സ്ഥിരീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഇൻസ്പെക്ടർ / അഡീഷണൽ ഇൻസ്പെക്ടർ സ്ഥലത്തെത്തി പരിശോധന നടത്തുകയും **FAB-GIS** മൊബൈൽ ആപ്പിലെ **SOS** ഫീച്ചർ ഉപയോഗിച്ച് പരിശോധനാ വിവരങ്ങൾ രേഖപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.
7. **FAB-GIS** മൊബൈൽ ആപ്പ് / വെബ് ആപ്പ് വഴി ഫാക്ടറി സംബന്ധമായ ലൈസൻസ്, പെർമിറ്റ്, ഇൻസ്പെക്ഷൻ, ആക്സിഡന്റ് എന്നിവയുൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ലഭ്യമാകുന്നതാണ്.
8. ബോയിലർ പരിശോധനയുടെ സമയത്ത് ബന്ധപ്പെട്ട ബോയിലറുകൾ ഫാക്ടറി ഉടമകളെ കൊണ്ട് **K-SAFE** മൊബൈൽ ആപ്ലിക്കേഷൻ വഴി തത്സമയം ജിയോ-ടാഗ് ചെയ്യിപ്പിക്കുന്നതു ഇൻസ്പെക്ടർമാർ നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.
9. ജോയിന്റ് ഡയറക്ടർമാർ, ഇൻസ്പെക്ടർമാർ, അഡീഷണൽ ഇൻസ്പെക്ടർമാർ എന്നിവർ തങ്ങളുടെ **jurisdiction**ൽപ്പെടുന്ന എല്ലാ ഫാക്ടറി ഉടമകളെയും **Google Play Store** വഴി **K-SAFE** മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുന്നതിനും, **FABOS** ൽ നിലവിൽ ഉപയോഗിക്കുന്ന യൂസർ ഐ.ഡി, പാസ്‌വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യുന്നതിനും നിർദ്ദേശം നൽകേണ്ടതാണ്. അതോടൊപ്പം, ബന്ധപ്പെട്ട ഫാക്ടറികൾ നിർബന്ധമായും **K-SAFE** മൊബൈൽ ആപ്ലിക്കേഷൻ വഴി ജിയോ-ടാഗ് ചെയ്യുകയും **PPE, FMS (Flammable Materials Storage), HTC (Hazardous & Toxic Chemicals),**

**MHWF (Medical, Health & Welfare Facilities)** തുടങ്ങിയ ഇൻവെന്ററി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ നൽകുകയും അത് ഉറപ്പു വരുത്തേണ്ടതുമാണ്.

---

**2026** മെയ് **1** മുതൽ മെയ് **31** വരെ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതും, **2026** ജൂൺ **1** മുതൽ പദ്ധതി പൂർണ്ണമായും പ്രാബല്യത്തിൽ വരുന്നതുമാണ്. പരീക്ഷണ കാലയളവിൽ സംവിധാനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ഉടൻ തന്നെ **fabgisnodalofficer@gmail.com** എന്ന ഇ-മെയിൽ വിലാസത്തിലോ ഹെൽപ്ലൈൻ നമ്പർ **8129088878** , **8129088848** വഴിയോ അറിയിക്കേണ്ടതാണ്, ഇതുവഴി ആവശ്യമായ തിരുത്തൽ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളാൻ സാധിക്കും.

ഈ ഉത്തരവിനോടൊപ്പം **FAB-GIS Instruction Manual** ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എല്ലാ ഉദ്യോഗസ്ഥരും മാന്വൽ ശ്രദ്ധാപൂർവ്വം പഠിച്ച് അതിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പദ്ധതി ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്.

Digitally signed by
P Pramod
Date: 29-04-2026
18:29:52

ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

സ്വീകർത്താവ് : എല്ലാ ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്കടർമാർക്കും

എല്ലാ ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർമാർക്കും
എല്ലാ അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടമാർക്കും
സ്റ്റോക്ക് ഫയൽ